DEPARTMENT OF AGRICULTURE
FARM INFORMATION BUREAU
FARM NEWS

09.06.2019

# കാർഷികമേഖലാവാർത്തകൾ

## മത്സ്യകൃഷിക്ക് ധനസഹായം

ഫിഷറീസ് വകുപ്പിന്റെ പദ്ധതി പ്രകാരം ജലോപരിതലത്തിൽ നിന്നു ശ്വസിക്കുന്ന മത്സ്യയിനങ്ങളായ കാരി മുഷി തുടങ്ങിയ ഇനങ്ങളുടെ കൃഷി ജൈവ സുരക്ഷ ഏർപ്പെടുത്തിയ കുളങ്ങളിലും കോൺക്രീറ്റ് ടാങ്കുകളിലും ചെയ്യാം. കുറഞ്ഞത് 25 സെന്റ് എങ്കിലും വേണം. പുതിയ യൂണിറ്റുകൾക്ക് ഹെക്ടർ ഒന്നിനു 4.32 ലക്ഷം രൂപയും പഴയതിന് 2.16 ലക്ഷം രൂപ സഹായം നൽകുന്നു.

## ക്ഷീരകർഷക പരിശീലനം

ഓച്ചിറ ക്ഷീരോൽപ്പന്ന പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 11 മുതൽ 6 ദിവസങ്ങളിലായി ക്ഷീരകർഷക പരിശീലനം നൽകുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 20 രൂപ. ആദ്യം രജിസ്റ്റർ ചെയ്യുന്ന 50 പേർക്ക് മാത്രമാണ് പ്രവേശനം. പങ്കെടുക്കുന്നവർക്ക് യാത്രാബത്ത, ദിനബത്ത എന്നിവ ഉണ്ടായിരിക്കുന്നതാണ്. താൽപര്യമുള്ളവർ 0476- 2698550 എന്ന നമ്പരിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്റ്റർ ചെയ്തവർ ഈ മാസം 11 ന് രാവിലെ 9.30 ന് തിരിച്ചറിയൽ രേഖ, ബാങ്ക് പാസ്ബുക്ക് എന്നിവയുടെ പകർപ്പുമായി പരിശീലന കേന്ദ്രത്തിൽ

എത്തിച്ചേരേണ്ടതാണെന്ന് ഓച്ചിറ ക്ഷീരോൽപ്പന്ന പരിശീലനകേന്ദ്രം പ്രിൻസിപ്പൽ ട്രെയിനിംഗ് ഓഫീസർ അറിയിച്ചു.

## **ഹൈടെക്ക് അടുക്കളതോട്ട നിർമ്മാണവും പരിപാലനവും – ഏകദിന പരിശീലനപരിപാടി.**

ഇൻസ്ട്രക്ഷണൽ ഫാം വെള്ളാനിക്കരയിൽ വച്ച് ഈ മാസം 12 –ന് കാൽ സെന്റിലും അര സെന്റിലും നിർമ്മിച്ചിട്ടുള്ള ഹൈടെക്ക് അടുക്കള തോട്ടത്തിന്റെ നിർമ്മാണവും പരിപാലനവും, 40 ചെടികൾ വരെ നടാവുന്ന മൾട്ടിടയർ ഗ്രോബാഗ് സെറ്റിങ്ങ്, പോട്ടിങ്ങ് മിശ്രിതം ഉണ്ടാക്കുക, വിത്ത് പരിപാലനം, ഹൈടെക്ക് രീതിയിൽ നഴ്സറിചെടികൾ ഉണ്ടാക്കുന്ന വിധം, വളപ്രയോഗം, ഒരുവീട്ടിലേക്കാവശ്യമായ ചെടികൾ തിരഞ്ഞെടുക്കൽ, രോഗകീടനിയന്ത്രണം, മണ്ണുപരിപാലനം, വിവിധവിളകളുടെ പരിപാലനം, ജൈവവളങ്ങളുടേയും കീടനാശിനികളുടേയും നിർമ്മാണം എന്നീ വിഷയ ങ്ങളിൽ ഒരു ദിവസത്തെ പരിശീലനപരിപാടി സംഘടിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട നമ്പർ **7025498850**

## **പശുപരിപാലനത്തിൽ പരിശീലനം**

ഇടുക്കി ജില്ലയിലെ വാഗമൺ മാനേജ്മെന്റ് ട്രെയിനിംഗ് സെന്ററിന്റെ ആഭിമുഖ്യത്തിൽ അറക്കുളം പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ വച്ച് ഈ മാസം 10,11,12 തീയതികളിൽ ശാസ്ത്രീയമായ പശു പരിപാലനം എന്ന വിഷയത്തിൽ കർഷകർക്ക് സൗജന്യപരിശീലനം നൽകുന്നു. താത്പര്യ മുള്ളവർ ഓഫീസ് സമയങ്ങളിൽ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാ ണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 50 പേർക്കാണ് പരിശീലനം ലഭിക്കുക. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട നമ്പർ: 9447979697, 7907867453.

# പ്ലാന്റ് ജീനോം സേവിയർ അവാർഡിന് അപേക്ഷിക്കാം

കേന്ദ്രകൃഷി, കർഷകക്ഷേമ മന്ത്രാലയത്തിനു കീഴിൽ പ്രവർത്തിക്കുന്ന പ്രൊട്ടക്ഷൻ ഓഫ് പ്ലാന്റ് വെറൈറ്റീസ് ആൻഡ് ഫാർമേഴ്സ് റൈറ്റ്സ് അതോറിറ്റി നൽകുന്ന പ്ലാന്റ് ജീനോം സേവിയർ അവാർഡുകൾക്ക് അപേക്ഷ ക്ഷണിച്ചു. പരമ്പരാഗത സസ്യഇനങ്ങൾ സംരക്ഷിക്കുകയും പുതിയവ ഉരുത്തിരിച്ചെടുക്കുകയും ചെയ്യുന്ന കർഷകർക്കും കർഷക സമൂഹത്തിനും നൽകുന്ന രാജ്യത്തെ ഏറ്റവും വലിയ അംഗീകാരമാണിത്. മൂന്നു വിഭാഗത്തിലാണ് അവാർഡുകൾ. വിളകളുടെ പ്രാദേശിക ഇനങ്ങളും സാമ്പത്തികമൂല്യമുള്ള വിളകളുടെ വന്യഇനങ്ങൾ സംരക്ഷിക്കുകയും പരിപാലിക്കുകയും നിർധാരണ ത്തിലൂടെ പുതിയവ വികസിപ്പിച്ചെടുക്കുകയും ചെയ്യുന്ന ആദിവാസി /ഗോത്ര/കർഷക സമൂഹത്തിന് 2016-17, 2017-18 വർഷത്തെ പ്രവർത്തനങ്ങൾക്കാണ് **പ്ലാന്റ് ജീനോം സേവിയർ കമ്മ്യൂണിറ്റി അവാർഡും**, 2017-18 വർഷത്തെ പ്രവർത്തനങ്ങൾക്ക് **പ്ലാന്റ് ജീനോം സേവിയർ ഫാർമർ റിവാർഡ് / അംഗീകാരവും** നൽകുന്നു. അപേക്ഷാഫോറം www.plantauthority.gov.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ്. അപേക്ഷകൾ ജില്ലാ കൃഷി ഓഫീസ്, കാർഷിക സർവകലാശാല ഡയറക്ടർ ഓഫ് റിസർച്ച്, ജില്ലാ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസ് എന്നിവ മുഖേന അയയ്ക്കാം. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി ജൂൺ 28. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട നമ്പർ: 011-25841532.